# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1707 | | 01.11.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **കോഴിക്കോട് കോർപ്പറേഷൻ പൂർത്തീകരിച്ച റോഡ് പ്രവൃത്തികൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.എ. പ്രദീപ് കുമാർ** | | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | 2016-17, 2017-18, 2018-19 വർഷങ്ങളിൽ കാലവർഷക്കെടുതിയിൽപെടുത്തി കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച എത്ര റോഡുകളുടെ പ്രവൃത്തികൾ കോഴിക്കോട് കോർപ്പറേഷൻ പൂർത്തീകരിച്ചു എന്ന് വിശദമാക്കുമോ; | (എ) | 2016-17 വർഷങ്ങളിൽ പണി പൂർത്തീകരിച്ചത് - 4<br>(ആയതിൽ ഒരു പ്രവൃത്തി കോർപ്പറേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചതിനാൽ കാലവർഷക്കെടുതിയിലെ ഫണ്ട് ഉപയോഗിക്കേണ്ടി വന്നില്ല.)<br>2017-18 വർഷങ്ങളിൽ പണി പൂർത്തീകരിച്ചത് - 0<br>2018-19 വർഷങ്ങളിൽ പണി പൂർത്തീകരിച്ചത് - 0 |
| (ബി) | ഏതെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ? | (ബി) | **2017-18 ൽ പണി പൂർത്തീകരിക്കാനുള്ളത് - 4**<br>• ഒരു പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചതാണ്. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ഇടാനുള്ളത് കൊണ്ടും മഴ കാരണവുമാണ് പണി പൂർത്തിയാക്കാൻ കഴിയാതെ പോയത്. പ്രവൃത്തി പിന്നീട് പൂർത്തീകരിക്കാവുന്നതാണ്.<br>• ഒരു പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നു വരുന്നു.<br>• ഒരു പ്രവൃത്തി മാനദണ്ഡപ്രകാരമല്ലാത്തതിനാൽ, നടപ്പിലാക്കാൻ കഴിയില്ല<br>• ഒരു പ്രവൃത്തി മാനദണ്ഡ പ്രകാരമല്ലാത്തതിനാലും, ആസ്തി രജിസ്റ്ററിൽ പേര് വ്യത്യാസം വന്നതിനാലും എസ്റ്റിമേറ്റ് മാറ്റി നിർവ്വഹണാനുമതിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.<br>**2018-19 പണി പൂർത്തീകരിക്കാനുള്ളത് - 7**<br>• ഒരു പ്രവൃത്തി കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ച് നടത്തിയതിനാൽ, സമീപ ഫുട്പാത്ത് പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുന്നതിന് കളക്ടറേറ്റിലേക്ക് കത്ത് നൽകിയിട്ടുണ്ട്.<br>• 2 പ്രവൃത്തികളുടെ നിർവ്വഹണാനുമതിയ്ക്കായി ഫയൽ സമർപ്പിച്ചിട്ടുള്ളതാണ്.<br>• 4 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കാലാവധി നീട്ടി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ